# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4200 — 21.07.2015 ൽ മറുപടിയ്ക്ക്

## കീടനാശിനി പ്രയോഗം പരിശോധിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പച്ചമുളക്, കറിവേപ്പില, കോളിഫ്ളവർ തുടങ്ങിയ പച്ചക്കറികളിലാണ് മാരകമായ കീടനാശിനി പ്രയോഗം കണ്ടു വരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതായതുകൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ വിഷാംശം എത്ര എന്നു കണ്ടുപിടിക്കാൻ പച്ചക്കറികടകളിൽ നിന്നും സാംപിൾ എടുത്ത് പരിശോധന നടത്തുന്ന പ്ലാൻസ്കീം കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് 'സേഫ്റ്റ് ഈറ്റ്' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ഇപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പരിശോധിച്ച് ഫലം മൂന്നുമാസത്തിലൊരിക്കൽ (www.kerala.gov.in) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. 2013 ജനുവരി - മാർച്ച് വരെ കാലഘട്ടത്തിൽ പരിശോധിച്ച പച്ചക്കറി സാമ്പിളുകളിൽ കോളിഫ്ളവറിലും 2013 ജൂലൈ - സെപ്തംബർ വരെ കാലഘട്ടത്തിൽ പരിശോധിച്ച സാമ്പിളുകളിൽ കറിവേപ്പില, പച്ചമുളക് എന്നിവയിലും അപകടകരമായ രീതിയിൽ കീടനാശിനിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന 90% പച്ചക്കറികളും വിഷരഹിതമാണ്. കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ |

| | | | |
|---|---|---|---|
| | | | ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ, വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ തമിഴ് നാട് സർക്കാരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ്നാട് സർക്കാരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി തമിഴ്നാടുൾപ്പെടെ ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാർക്കും ഭക്ഷ്യസുരക്ഷാ കമ്മീഷ്ണർ തമിഴ്നാട് കാർഷികോത്പാദന കമ്മീഷ്ണർക്കും പ്രസ്തുത വിഷയം സംബന്ധിച്ച് കത്തയച്ചിട്ടുണ്ട്. |
| (സി) | അതിർത്തി ചെക്ക് പോസ്റ്റുകളിൽ ആയത് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഉൾപ്പെടെ വിപണിയിൽ ലഭ്യമായ എല്ലാത്തരം പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോ - ഗസ്ഥർ പരിശോധനയ്ക്കായി അനലറ്റിക്കൽ ലാബുകളിൽ അയക്കുകയും പരിധിയിൽ കവിഞ്ഞ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ